നിനുള്ള അനുമതി നൽകി. എന്നാൽ 2004-05-ൽ 5 കോടി രൂപ അനുവദിച്ചിരുന്നു എങ്കിലും ബഡ്ജറ്റിൽ തുകയൊന്നും വകക്കൊള്ളിക്കുകയുണ്ടായില്ല. പദ്ധതി നടത്തിപ്പിന് ആവശ്യമായ തുക (വീടൊന്നിന് 20,000 രൂപ നിരക്കിൽ) ബോർഡ് ഫണ്ടിൽനിന്നും ചെലവഴിക്കുകയാണുണ്ടായത്. 2005-06 ബഡ്ജറ്റിലും തുകയൊന്നും വകക്കൊള്ളിച്ചിട്ടില്ല. 2004-05-ലെ 5 കോടി രൂപയും 2005-06-ൽ 5000 വീടുകൾക്ക് 10 കോടി രൂപയും ചേർത്ത് 15 കോടി രൂപ 2005-06-ലെ ബഡ്ജറ്റിൽ വകകൊള്ളിച്ച് ബോർഡിന് നൽകണമെന്ന ബോർഡിന്റെ ആവശ്യം പരിശോധിച്ചുവരുന്നു.

## പട്ടം വില്ലേജിൽ സർക്കാർ ഏറ്റെടുത്ത മിച്ചഭൂമി

159 [1098] ശ്രീ. കെ. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം താലൂക്കിൽ പട്ടം വില്ലേജിൽ തിരുവനന്തപുരം തഹസിൽദാരുടെ 26/12/1989-ലെ 6780/77-ാം ഉത്തരവ് പ്രകാരം ഏതെല്ലാം സർവ്വേ നമ്പറുകളിലായി എത്ര മിച്ചഭൂമി സർക്കാർ ഏറ്റെടുത്തിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ ; ആയതിന്റെ സ്കെച്ചും ലാന്റ് രജിസ്റ്ററിന്റെ പകർപ്പും ലഭ്യമാക്കുമോ ;

(ബി) ഏറ്റെടുത്ത മിച്ചഭൂമി എത്ര കുടികിടപ്പുകാർക്കായി എത്ര മിച്ചഭൂമി പതിച്ചു നൽകിയിട്ടുണ്ടെന്നും ശേഷിക്കുന്നത് സർക്കാരിന്റെ കൈവശം എത്രയുണ്ടെന്നും വ്യക്തമാക്കാമോ ;

(സി) സർവ്വേ നമ്പർ 2153-ൽപ്പെട്ട മിച്ചഭൂമിയിൽ നിന്നും ഭൂമി ലഭിക്കുന്നതിന് ഏതെല്ലാം സംഘടനകളാണ് അപേക്ഷ സമർപ്പിച്ചിട്ടുള്ളതെന്നും അവയിൽ എത്ര എണ്ണത്തിന്റെ അന്വേഷണ റിപ്പോർട്ടുകൾ പൂർത്തിയായിട്ടുണ്ടെന്നും വെളിപ്പെടുത്താമോ ;

(ഡി) ഈ ഭൂമി സ്വകാര്യ വ്യക്തികൾ തട്ടിയെടുത്തതിനെ സംബന്ധിച്ച് സർക്കാർ ഉത്തരവായിട്ടുള്ളതിൻമേൽ നാളിതുവരെയായി എന്തെല്ലാം തുടർ നടപടികൾ പൂർത്തീകരിച്ചുവെന്ന് വെളിപ്പെടുത്താമോ ?

ഉത്തരം

(എ—ഡി) വിവരം ശേഖരിച്ചു വരുന്നു.

## സൗജന്യ നിരക്കിൽ പതിച്ചു നൽകിയ സർക്കാർ ഭൂമി

160 [1099] ശ്രീ. ബിനോയ് വിശ്വം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്ന് നാളിതുവരെയായി ഏതെല്ലാം സാമുദായിക സംഘടനകൾക്ക് എത്ര ഹെക്ടർ സർക്കാർ ഭൂമി സൗജന്യ നിരക്കിൽ പതിച്ചു നൽകിയെന്നും ഇപ്രകാരം എത്ര ഹെക്ടർ ഭൂമി ഓരോ സംഘടനയ്ക്കും നൽകിയെന്നും അതിന് നിശ്ചയിച്ച വില എത്രയായിരുന്നുവെന്നും വിശദമാക്കാമോ ;

(ബി) അന്തരിച്ച സാഹിത്യ സാംസ്കാരിക നായകന്മാരായ വി. ടി. ഭട്ടതിരിപ്പാട്, കുറ്റിപ്പുഴ കൃഷ്ണപിള്ള, എ. ടി. കോവൂർ, എം. സി. ജോസഫ്, പൊൻകുന്നം വർക്കി എന്നിവരുടെ സ്മാരകം നിർമ്മിക്കാൻ നാളിതുവരെയായി സർക്കാർ ഭൂമി അനുവദിച്ചിട്ടുണ്ടോ ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചു വരുന്നു.

റവന്യൂ ഭൂമി കയ്യേറ്റവും വ്യാജ പട്ടയ നിർമ്മാണവും

161 [1100] ശ്രീ. ടി. എം. ജേക്കബ്

ജോണി നെല്ലൂർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂവും നിയമവും വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) സംസ്ഥാനത്തിന്റെ പല ഭാഗത്തും റവന്യൂ ഭൂമി കയ്യേറ്റവും വ്യാജ പട്ടയ നിർമ്മാണവും വർദ്ധിച്ചുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ :

(ബി) ഇത് സംബന്ധിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ . എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ :

(സി) അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന്റെ ഏതെല്ലാം ഭാഗങ്ങളിൽ എത്ര ഏക്കർ റവന്യൂ ഭൂമിയാണ് കയ്യേറിയിട്ടുള്ളതെന്ന് വെളിപ്പെടുത്തുമോ :

(ഡി) ഇടുക്കി ജില്ലയിലെ മൂന്നാർ, ദേവികുളം, കണ്ണൻദേവൻ ഹിൽസ് എന്നീ വില്ലേജുകളിൽ നടന്ന വ്യാജ പട്ടയ നിർമ്മാണത്തെക്കുറിച്ച് സർക്കാർ അന്വേഷണം നടത്തിയിട്ടുണ്ടോ .

(ഇ) എങ്കിൽ വ്യാജ പട്ടയ നിർമ്മാണത്തിന് കൂട്ടുനിന്ന റവന്യൂ ഉദ്യോഗസ്ഥർക്കെതിരെ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ : വിശദാംശം വെളിപ്പെടുത്തുമോ :

(എഫ്) എത്ര ഏക്കർ ഭൂമിയാണ് കയ്യേറ്റക്കാർ കൈവശപ്പെടുത്തിയിട്ടുള്ളത് : ഇതിൽ എത്ര ഏക്കർ ഭൂമിയിൽ നിന്നും കയ്യേറ്റക്കാരെ ഒഴിപ്പിച്ചിട്ടുണ്ടെന്ന് പറയാമോ :

(ജി) റവന്യൂ ഭൂമി കയ്യേറ്റത്തെക്കുറിച്ചും വ്യാജ പട്ടയ നിർമ്മാണത്തെക്കുറിച്ചും പോലീസ് ഇന്റലിജൻസ് വിഭാഗം നടത്തിയ അന്വേഷണ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് ലഭിച്ചത് : പ്രസ്തുത റിപ്പോർട്ടിന്മേൽ സർക്കാർ എന്തൊക്കെ നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ :

(എച്ച്) പ്രസ്തുത അന്വേഷണ റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ :

(ഐ) അധികൃത പട്ടയം സംബന്ധിച്ച അന്വേഷണം നടത്തുന്നതിന് രൂപീകരിച്ച വിദഗ്ധ സമിതിയുടെ റിപ്പോർട്ട് സർക്കാരിന് ലഭിച്ചിട്ടുണ്ടോ : എങ്കിൽ പ്രസ്തുത റിപ്പോർട്ടിന്റെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) ഭൂമി കയ്യേറ്റം വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വ്യാജ പട്ടയ നിർമ്മാണം വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) അനധികൃത കയ്യേറ്റങ്ങൾക്കെതിരെ കേരള ഭൂ സംരക്ഷണ നിയമ പ്രകാരമുള്ള നടപടികൾ ശക്തമാക്കിയിട്ടുണ്ട് കൂടാതെ, പുഴ, കായൽ, വനം തീരപ്രദേശ കയ്യേറ്റങ്ങൾക്കെതിരെ പ്രത്യേക സ്ക്വാഡുകൾ രൂപീകരിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. വ്യാജ പട്ടയം സംബന്ധിച്ച് ലഭിച്ചിട്ടുള്ള പരാതികളിൽ അന്വേഷണം നടത്തി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly